**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1709** **19-01-2021 - ൽ മറുപടിയ്ക്ക്**

**കിലയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | **Shri A. C. Moideen**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | 2016 ഡിസംബർ രണ്ടാം തീയതി കൂടിയ കിലയുടെ എക്സിക്യൂട്ടീവ് കൗൺസിൽ കിലയിലെ സ്ഥിരം നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുവാൻ തീരുമാനിച്ചിരുന്നോ; | (എ) | ഇല്ല; എന്നാൽ, 02/12/2015-ൽ ചേർന്ന കില എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ കിലയിലെ സ്ഥിര നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുവാൻ തീരുമാനിച്ചിരുന്നു. |
| (ബി) | പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | 02/12/2015 ൽ ചേർന്ന കില എക്സിക്യൂട്ടീവ് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരനിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ കിലയെ Kerala Public Service Commission (Additional functions as Respects certain Corporations and Companies )Act 1970 ന്റെയും Kerala Public service commission (Consultation by Corporation and Companies) Rules 1971 ന്റെയും പരിധിയിൽ കൊണ്ടുവരുന്നതിനായി നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിയമന ചട്ടങ്ങൾ (സ്പെഷ്യൽ റൂൾസ്) രൂപീകരിക്കുവാനും കമ്മീഷൻ അഡ്വൈസ് ചെയ്തിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കിലയിലെ നിലവിലുള്ള എല്ലാ സ്ഥിരം തസ്തികകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കില ഡയറക്ടർ ജനറലിന് നിർദേശം നല്കിയിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല. |
| (സി) | ഈ സർക്കാർ നിലവിൽ വന്നശേഷം കിലയിൽ എത്ര താല്ക്കാലിക/കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തി; വിശദാംശം നൽകുമോ; | (സി) | കരാർ അടിസ്ഥാനത്തിൽ നിയമിച്ചവരുടെ ലിസ്റ്റ് താഴെക്കൊടുക്കുന്നു. സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപന ങ്ങൾക്ക് പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസനാസൂത്രണത്തിലും കാര്യപ്രാപ്തി വർദ്ധിപ്പി ക്കുന്നതിനാവശ്യമായ |

| | | | |
|---|---|---|---|
| | | | പരിശീലന പരിപാടികളുടെ നിർവ്വഹണം, പഠന ഗവേഷണ പ്രവർത്തനങ്ങൾ, നയരൂപീകരണത്തിൽ സംസ്ഥാന സർക്കാരിനാവശ്യമായ ഉപദേശ-നിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിന് ചുമതലപ്പെട്ട സ്വയംഭരണസ്ഥാപനമാണ് കില. കിലയിൽ ധാരാളം പരിശീലന പരിപാടികളും നിരവധി പ്രോജക്ടുകളും നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി അതാത് സമയങ്ങളിൽ honorarium/consolidated remuneration/Daily wage വ്യവസ്ഥയിൽ ആവശ്യാനുസരണം താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച് വേതനം കൈപ്പറ്റിയവരുടെ പട്ടിക അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ഡി) | 2016 ഡിസംബറിനു ശേഷം താല്ക്കാലിക/കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ കിലയിൽ ജോലി ചെയ്തിരുന്ന എത്ര ജീവനക്കാരെ സ്ഥിരപ്പെടുത്തിഎന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം സ്ഥിരപ്പെടുത്തിയത് എന്നും അറിയിക്കാമോ? | (ഡി) | 24/12/2020 തീയതിയിലെ സ.ഉ.(കൈ.നം. 201/2020/തസ്വഭവ പ്രകാരം കിലയിൽ കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ പത്തുവർഷ സേവന കാലാവധി പൂർത്തിയാക്കിയ ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ